# മുമ്പേ നടന്നവരുടെ ഓർമപ്പുസ്തകം

റിപ്പോർട്ട്



ഹൽഖാ അമീർ ടി. ആരിഫലി പ്രകാശനം ചെയ്ത പുസ്തകം
അബ്ദുൽ അഹദ് തങ്ങൾ ഉയർത്തിക്കാണിക്കുന്നു

**കേരളത്തിൽ** ഇസ്‌ലാമിക പ്രസ്ഥാനത്തെ നട്ടുവളർത്താൻ പാടുപെട്ട പതിനേഴ് മഹാരഥന്മാരുടെ ത്യാഗത്തിന്റെ കഥകൾ കേട്ട് ഉൾപുളകമണിഞ്ഞ സദസ്സ്. പ്രാർഥനാ നിർഭരമായ മനസ്സ് അവരുടെ കണ്ണുകളെ ഈറനണിയിച്ചു. ഈ ത്യാഗിവര്യന്മാരെ ഓർക്കാൻ ഒത്തുകൂടിയവർ മറ്റാരുമല്ല- അവരുടെതന്നെ ഭാര്യമാരും മക്കളും പേരമക്കളും സഹോദരന്മാരും സഹോദരികളും. ശൈഖ് മുഹമ്മദ് കാരകുന്ന് രചിച്ച *ഇസ്‌ലാമിക പ്രസ്ഥാനം: മുന്നിൽ നടന്നവർ* എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിലായിരുന്നു ഈ ഒത്തുകൂടൽ. തിരൂർക്കാട് ഇലാഹിയാ കോളേജിലാണ് ഈ അപൂർവ കുടുംബ സംഗമത്തിന് വേദിയൊരുങ്ങിയത്.

ഹാജിസാഹിബ്, കെ.സി അബ്ദുല്ല മൗലവി, വി.കെ ഇസ്സുദ്ദീൻ മൗലവി, ടി. മുഹമ്മദ്, കെ. മൊയ്തു മൗലവി, അബുൽ ജലാൽ മൗലവി, കെ.എൻ അബ്ദുല്ല മൗലവി, ടി. ഇസ്ഹാഖലി മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി, കൊണ്ടോട്ടി അബ്ദുർറഹ്മാൻ, യു.കെ ഇബ്‌റാഹീം മൗലവി, എസ്.എം ഹനീഫ്, കെ.പി.കെ അഹ്മദ് മൗലവി, വി.എം അബ്ദുൽ ജബ്ബാർ മൗലവി, എൻ.എം ശരീഫ് മൗലവി, ടി.കെ മുഹമ്മദ് ആലുവ, കെ. അബ്ദുസ്സലാം മൗലവി മാള എന്നീ മൺമറഞ്ഞ പ്രസ്ഥാന നേതാക്കളെക്കുറിച്ചുള്ള സാമാന്യം വിശദമായ ജീവചരിത്ര കുറിപ്പുകളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിൽ ശക്തിപ്പെട്ട ഇസ്‌ലാമിക നവോത്ഥാനത്തിന്റെ പരിഛേദം ഈ ജീവചരിത്രകുറിപ്പുകളിൽ വായിക്കാം.

പ്രസ്ഥാന മാർഗത്തിൽ ആദ്യം നടക്കുന്നവർക്കാണ് കഠിന പരീക്ഷണങ്ങൾ നേരിടേണ്ടിവരികയെന്ന് പുസ്തകത്തെ പരിചയപ്പെടുത്തിക്കൊണ്ട് ശൈഖ് മുഹമ്മദ് കാരകുന്ന് പറഞ്ഞു. പക്ഷേ പരീക്ഷണങ്ങൾ നിറഞ്ഞ മുൻഗാമികളുടെ ജീവചരിത്രങ്ങൾ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ പുതുതലമുറക്ക് ഇവരെക്കുറിച്ചൊന്നും കാര്യമായ വിവരമില്ല. ഒരു എസ്.ഐ.ഒ ക്യാമ്പിൽ കെ.സി അബ്ദുല്ല മൗലവിയെക്കുറിച്ച് ഒന്നുരണ്ട് സംഭവങ്ങൾ പറഞ്ഞപ്പോൾ പുതുതലമുറ അത്ഭുതത്തോടെയാണ് കേട്ടത്. അവർ ആ ചരിത്രമൊക്കെ ആദ്യമായി കേൾക്കുകയായിരുന്നു. തലമുറകളുടെ വിടവ് നികത്തുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

കെ.എം അബ്ദുൽ അഹദ് തങ്ങൾക്ക് പുസ്തകം നൽകി ഹൽഖാ അമീർ ടി. ആരിഫലിയാണ് പ്രകാശനം നിർവഹിച്ചത്. പുതിയ തലമുറക്ക് ഗൃഹാതുരത്വത്തോടെ അയവിറക്കാൻ ഒരുപിടി ഓർമകൾ സമ്മാനിക്കുന്ന പുസ്തകമാണിതെന്ന് ടി. ആരിഫലി പറഞ്ഞു. ഹാജിസാഹിബിന്റെ ദീർഘവീക്ഷണവും കെ.സിയുടെ ഖുർആൻ പാണ്ഡിത്യവും ഇസ്സുദ്ദീൻ മൗലവിയുടെ മുസ്‌ലിം സമുദായ പരിഷ്കരണവും ടി.എമ്മിന്റെ ധിഷണയും മൊയ്തു മൗലവിയുടെ അസാധാരണ വ്യക്തിത്വവും ഇസ്‌ലാമിക പ്രസ്ഥാനത്തിന് വലിയ മുതൽക്കൂട്ടായി. അധ്യാപകരുടെ അധ്യാപകനായിരുന്നു അബുൽ ജലാൽ മൗലവി. കെ.എൻ കാൽപാദമൂന്നാത്ത ഒരിടവും കേരളത്തിൽ ഉണ്ടാവാനിടയില്ല. ഹദീസിലും ഫിഖ്ഹിലുമുള്ള പാണ്ഡിത്യമാണ് ഇസ്ഹാഖലി മൗലവിയെ വേറിട്ട് നിർത്തുന്നത്. എ.കെ ശുഭപ്രതീക്ഷയുടെയും ക്രിയാത്മകതയുടെയും പ്രതീകമായിരുന്നു. പ്രസ്ഥാനത്തിന്റെ മർമങ്ങൾ തൊട്ടറിഞ്ഞ ആളായിരുന്നു കൊണ്ടോട്ടി അബ്ദുർറഹ്മാൻ സാഹിബ്. യു.കെ വിപ്ലവംതുടിക്കുന്ന ഒരു കവിഹൃദയത്തിന്റെ ഉടമയും. എസ്.എം ഹനീഫ സാഹിബ് കഴിവുറ്റ നേതാവും കെ.പി.കെ പ്രഭാഷകനുമായിരുന്നു. തെക്കൻ മേഖലയിലെ കർമയോഗിയായിരുന്നു അബ്ദുൽ ജബ്ബാർ മൗലവി. ടി.കെ ആലുവ വാർധക്യത്തിലും യൗവനത്തിന്റെ ചുറുചുറുക്ക്

നിർനിർത്തി. ഖുർആനിലും ഹദീസിലുമുള്ള അഗാധ പാണ്ഡിത്യമാണ് ശരീഫ് മൗലവിയെ വേറിട്ട് നിർത്തുന്നത്. ഊഷ്മളമായ വ്യക്തിബന്ധങ്ങളുടെ ശിൽപിയായി അബ്ദുസ്സലാം മൗലവിയെ വിശേഷിപ്പിക്കാം.

ഇസ്‌ലാമിക പ്രസ്ഥാനം വ്യക്തികളെ കേന്ദ്രീകരിച്ചുള്ള ഒരു കൂട്ടായ്മ അല്ലെങ്കിലും, വ്യക്തികളുടെ അനുകരണീയ മാതൃകകൾ പിൻതലമുറകൾക്ക് പകർന്നുകൊടുക്കുന്നതിൽ അമാന്തം കാണിക്കരുതെന്നു അമീർ ഓർമിപ്പിച്ചു.

ഒട്ടേറെ ത്യാഗങ്ങൾ സഹിച്ച താഴേക്കിടയിലുള്ള പ്രവർത്തകരെയും നാം ഓർക്കണമെന്ന് അബ്ദുൽ അഹദ് തങ്ങൾ പറഞ്ഞു. ഖുർആൻ സ്വയം പഠിച്ച് ക്ലാസ് എടുക്കുന്നവരും സാമ്പത്തികമായി കൈയയച്ച് സഹായിക്കുന്നവരുമൊക്കെ അവരിൽ ഉണ്ടായിരുന്നു. കച്ചവടത്തിൽ ലാഭംകിട്ടുമ്പോൾ നിശ്ചിത ശതമാനം അവർ പ്രസ്ഥാനത്തിന് നൽകും. ഓരോ പ്രദേശത്തെയും ചരിത്രം വെവ്വേറെ രേഖപ്പെടുത്തുമ്പോൾ മാത്രമേ ഇവരെ ഉൾപ്പെടുത്താൻ കഴിയൂ. പ്രസ്ഥാനത്തിന്റെ മൺമറഞ്ഞുപോയ അഖിലേന്ത്യാ നേതാക്കളുടെയും ജീവചരിത്രങ്ങൾ ക്രോഡീകരിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

പോയ തലമുറയുടെ പൈതൃകവും കരുതിവെപ്പുമാണ് ഈ പുസ്തകമെന്ന് അധ്യക്ഷത വഹിച്ച ടി.കെ അബ്ദുല്ല സാഹിബ് പറഞ്ഞു. കുടുംബകഥ പോലെ ആസ്വദിക്കാവുന്ന ഒരു തർബിയ്യത്തീ പുസ്തകമാണിത്. ഹാജിസാഹിബിനെക്കുറിച്ച് ലക്ഷണമൊത്ത നേതാവ് എന്നതല്ലാത്ത മറ്റൊരു വിശേഷണവും പൂർണമല്ല. ഇഛാശക്തി, നിശ്ചയദാർഢ്യം, തീരുമാനമെടുക്കാനുള്ള ശേഷി എന്നിവയാണ് ഹാജി സാഹിബും കെ.സിയും പങ്കുവെക്കുന്ന പൊതുഗുണവിശേഷങ്ങൾ. ആജ്ഞാശക്തിയും അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ഒറ്റയാൾ പടയോട്ടവുമാണ് ഇസ്സുദ്ദീൻ മൗലവിയുടെ പ്രത്യേകത.

ഹാജി സാഹിബിന്റെ സഹോദരി ഫാത്വിമ, ഇസ്സുദ്ദീൻ മൗലവിയുടെ മകൾ വി.കെ മറിയുമ്മ, ശരീഫ് മൗലവിയുടെ ഭാര്യ എം. ഫാത്വിമ, കെ.എൻ അബ്ദുല്ല മൗലവിയുടെ ഭാര്യ മർയം, അബുൽ ജലാൽ മൗലവിയുടെ ഭാര്യ റുഖിയ്യ, എസ്.എം ഹനീഫ് സാഹിബിന്റെ സഹോദര പുത്രിമാരായ റുഖിയ്യ, റംല, സുഹ്‌റ, കെ. മൊയ്തു മൗലവിയുടെ മകൾ കെ. ആഇശ തുടങ്ങി നൂറു കണക്കിന് ബന്ധുക്കൾ പുസ്തക പ്രകാശന ചടങ്ങിന് അതിഥികളായെത്തി. ഐ.പി.എച്ചാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

ത്വാഹാ മൗലവി, ഇ.വി അബ്ദു, എം. മുഹമ്മദ് മൗലവി, അബ്ദുപ്പു മൗലവി, പി.കെ ഇബ്‌റാഹീം മൗലവി, വി.പി ഇസ്മാഈൽ ഹാജി, സഅ്ദുദ്ദീൻ മൗലവി, കുറ്റ്യാടി അബ്ദുല്ല കുട്ടി മൗലവി തുടങ്ങി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്നിൽ നടന്ന നിരവധി പേർ ഇനിയുമുണ്ടെന്നും പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ അവരെ ഉൾപ്പെടുത്തുമെന്നും ശൈഖ് മുഹമ്മദ് കാരകുന്ന് അറിയിച്ചു. പുസ്തകത്തിൽ സ്ത്രീ പ്രാതിനിധ്യം ഇല്ലാതെ പോയത് പോരായ്മ തന്നെയാണെന്ന് തുടർന്ന് പ്രസംഗിച്ച വി.എ കബീർ ചൂണ്ടിക്കാട്ടി. കെ.ടി അബ്ദുർറഹീം, വി.കെ ജലീൽ, ടി.കെ ഉബൈദ്, എം.ടി അബൂബക്കർ മൗലവി എന്നിവർ സംസാരിച്ചു. ഐ.പി.എച്ച് ഡയറക്ടർ ടി.കെ ഫാറൂഖ് സ്വാഗതവും അസി. ഡയറക്ടർ പി.പി അബ്ദുർറഹ്മാൻ കൊടിയത്തൂർ നന്ദിയും പറഞ്ഞു. ■

**സ്റ്റാഫ് റിപ്പോർട്ടർ**